ഭരണഭാഷ- മാതൃഭാഷ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 - കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയോടനുബന്ധിച്ച് ഘടിപ്പിക്കുന്ന ശ്രവണ സഹായിയുടെ വാർഷിക മെയിന്റനൻസിന് ചെലവാകുന്ന തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

G.O.(Ms)No.46/2022/H&FWD തീയതി,തിരുവനന്തപുരം, 25-02-2022

---

പരാമർശം:-
1. 25/04/2013 ലെ സ.ഉ(അച്ചടി) 148/2013/H&FWD
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19/11/2020 ലെ എം.എച്ച്3-76172/2020/ആവഡ നം. കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമിനായി 1960- ലെ കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ചികിത്സയ്ക്ക് ചെലവാകുന്ന തുക ( പരമാവധി 5.5 ലക്ഷം രൂപ ) മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവായിരുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത ശേഷം ഉള്ള മെഷീൻ മെയിന്റനൻസിന് ഭീമമായ തുക ചെലവാകുന്നതിനാൽ , മെഷീൻ മെയിന്റനൻസിന് ചെലവാകുന്ന തുക കൂടി മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയോടനുബന്ധിച്ച് ഘടിപ്പിക്കുന്ന ശ്രവണ സഹായിയുടെ വാർഷിക മെയിന്റനൻസിന് ചെലവാകുന്ന തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VIJAYAKUMAR S
JOINT SECRETARY

എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)



Generated from eOffice by Dr AJAN M J, AD(Med) DHS, AD(MED) DHS, DHS on 24/09/2023 11:05 PM